<u>**പതിമൂന്നാം കേരള നിയമസഭ**</u>

<u>പതിനാറാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത</u>
<u>ചോദ്യം നമ്പർ. 1503</u>

<u>16/02/2016 - ൽ മറുപടിക്ക്.</u>

## <u>കാസർഗോഡ് ഡവലപ്പ്മെന്റ് അതോറിറ്റി</u>

| <u>**ചോദ്യം**</u><br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | <u>**ഉത്തരം**</u><br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ഡവലപ്പ്മെന്റ് അതോറിറ്റി നിലവിൽ വന്നതും പിരിച്ചുവിട്ടതും ഏത് വർഷങ്ങളിലാണെന്ന് വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ച വരുന്നു. |
| (ബി) | പ്രസ്തുത അതോറിറ്റിയിൽ നിന്ന് എത്ര പേർ വായ്പ എടുത്തിരുന്നു; വായ്പ എടുത്തവരെല്ലാം തിരിച്ചടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർ ഇനിയും തിരിച്ചടക്കാൻ ബാക്കിയുണ്ട്; വായ്പയ്ക്ക് ഈടായി നൽകിയ എത്ര പേരുടെ പ്രമാണങ്ങളാണ് തിരിച്ച നൽകാൻ ഇനിയും ബാക്കിയുള്ളത്; ഈ പ്രമാണങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്; ബന്ധപ്പെട്ട ഉടമകൾക്ക് അവ എപ്പോൾ, എങ്ങനെ തിരിച്ച നൽകും? | (ബി) | കാസർഗോഡ് വികസന അതോറിറ്റി നിലവിൽ ഉണ്ടായിരുന്നപ്പോൾ ടി അതോറിറ്റിയുടെ പരിധിയിൽപ്പെട്ട കാസർഗോഡ് നഗരസഭയിലും ഗ്രാമപഞ്ചായത്തുകളിലുമായി 267 പേർ വായ്പ എടുത്തിട്ടുണ്ട്. ഇതിൽ കാസർഗോഡ് മുനിസിപ്പാലിറ്റിയിലും ഗ്രാമപഞ്ചായത്തുകളിലുമായി 146 പേർ വായ്പ തിരിച്ചടക്കാനും 143 പേർക്ക് പ്രമാണങ്ങൾ തിരിച്ച് നൽകാനുമുണ്ട്.<br><br>ഈ പ്രമാണങ്ങൾ ഇപ്പോൾ ബന്ധപ്പെട്ട നഗരസഭ/ഗ്രാമപഞ്ചായത്തുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. വായ്പ തിരിച്ചടക്കുന്ന മുറയ്ക്ക് പ്രമാണങ്ങൾ ബന്ധപ്പെട്ട ഉടമകൾക്ക് തിരിച്ച നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.